**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *223.** **09.03.2017 ന് മറുപടിയ്ക്ക്**

**വിമുക്തി ബോധവത്ക്കരണ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി. ദിവാകരൻ<br>,, ഇ.കെ.വിജയൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.എൽദോ എബ്രഹാം : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിമുക്തി എന്ന പേരിൽ ലഹരി വിരുദ്ധ ബോധവത്ക്കരണ മിഷൻ നടപ്പാക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് "വിമുക്തി" എന്ന പേരിൽ ലഹരിവിരുദ്ധ ബോധവത്ക്കരണ മിഷൻ രൂപീകരിച്ചിട്ടുണ്ട്.<br>സമൂഹത്തിന്റെ എല്ലാ മേഖലകളിലും വ്യാപരിക്കുന്ന വിപത്തായി മാറിയിട്ടുള്ള മദ്യം, മയക്കുമരുന്ന്, എന്നിവയുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ "വിമുക്തി" യിലൂടെ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ, എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുകയാണ് ലക്ഷ്യം. കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ-"വിമുക്തി"യുടെ നേതൃത്വ ത്തിൽ വരും ദിവസങ്ങളിൽ ശക്തമായ ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) | ഏതൊക്കെ സംഘടനകളുടെ പങ്കാളിത്തത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്നറിയിക്കുമോ; | (ബി) | സ്കൂൾ കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എസ്.പി.സി, എൻ.എസ്.എസ്. കുടുംബശ്രീ. സംസ്ഥാന ലൈബ്രറി കൗൺസിൽ മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന മഹിള സംഘടനകൾ, സാമൂഹിക സാംസ്കാരിക പ്രവർത്തകർ, കലാകായിക സാംസ്കാരിക സാഹിത്യ സന്നദ്ധ സംഘടനാ പ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ, വായനശാല ഭാരവാഹികൾ തുടങ്ങിയവരുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടിയാണ് "ലഹരി മുക്ത കേരളം" എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി"വിമുക്തി" മിഷൻ മുഖേന |

| | | | |
|---|---|---|---|
| | | | പരിപാടികൾ ഏറ്റെടുത്തിട്ടുള്ളത്. |
| (സി) | പദ്ധതി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു എന്നറിയിക്കുമോ? | (സി) | "വിമുക്തി" മിഷന് ഒരു സംസ്ഥാന ഗവേണിംഗ് ബോഡിയും സംസ്ഥാന തലത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. വിമുക്തിയുടെ താഴെ തലങ്ങളിൽ വരെ പ്രവർത്തിക്കുന്നതിന് ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപന തലം (ബ്ലോക്ക്/ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/ പഞ്ചായത്ത്) വാർഡുതല കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. വിമുക്തി മിഷന്റെ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം ബഹു:മുഖ്യമന്ത്രി 20.11.2016 ന് യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽ കൂടിയ യോഗത്തിൽ വച്ച് നിർവ്വഹിച്ചു.<br>സംസ്ഥാനത്തെ ഡീ-അഡിക്ഷൻ സെന്ററുകളുടെ ഭാരവാഹികളെ ഉൾപ്പെടുത്തികൊണ്ടുള്ള ഒരു സെമിനാർ 21.12.2016 ന് തിരുവനന്തപുരം ഐ.എം.ജി. യിൽ വച്ച് ബഹു: എക്സൈസ് വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ സംഘടിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ച് ഡീ-അഡിക്ഷൻ സെന്ററുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ കീഴിൽ പുനരധിവാസ സംവിധാനങ്ങളടക്കമുള്ള ഒരു മാതൃകാ ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ സഹായവും പ്രതീക്ഷിക്കുന്നു.<br>ജനുവരി 12 ന്റെ ദേശീയ യുവജനദിനത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ ഹൈസ്കൂൾ/ ഹയർ സെക്കന്ററി/കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് ലഹരിക്കെതിരെ യുവത്വം എന്ന വിഷയത്തെ ആസ്പദമാക്കി പോസ്റ്റർ രചന മത്സരം സംഘടിപ്പിച്ചിരുന്നു. മത്സരത്തിലെ വിജയികൾക്ക് ട്രോഫിയും, പങ്കെടുത്ത എല്ലാ പേർക്കും സർട്ടിഫിക്കറ്റും വിതരണം ചെയ്തു. സംസ്ഥാനത്തെ എല്ലാ ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കൂളുകളിലും 2017 ജനുവരി 30 ന് സ്കൂൾ അസംബ്ലികളിൽ ലഹരി വിരുദ്ധ പ്രതിജ്ഞയെടുത്തു.<br>04.03.2017 ലെ ജി.ഒ.(എം.എസ്) നം.11/2017/നി.വ ഉത്തരവിലൂടെ അന്തർദേശീയ വനിതാദിനമായ 2017 മാർച്ച് 8 ന് ആരംഭിച്ച് മാർച്ച് 31 ൽ പൂർത്തീകരിക്കുന്ന |

| | | | |
|---|---|---|---|
| | | | തരത്തിൽ ലഹരി വിരുദ്ധ സന്ദേശം എല്ലാ വീടുകളിലും എത്തിക്കുന്നതിനാ യുള്ള "വിമുക്തി" സ്റ്റിക്കർ പതിക്കുന്ന പ്രവർത്തനം കുടുംബശ്രീ പ്രവർത്തകർ, ആശാവർക്കർമാർ, അംഗൻവാടി ജീവനക്കാർ മുഖേന നിർവ്വഹിക്കുന്നതിന് ആവശ്യമായ മേൽനോട്ടം വഹിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് തലത്തിൽ "വിമുക്തി" മിഷന്റെ ഉദ്ഘാടന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനും തുടർന്ന് വാർഡ്-അയൽക്കൂട്ടതല കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും തദ്ദേശസ്വയം ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ സജീവമായി ഏറ്റെടുക്കുന്നതിനും ലൈബ്രറി കൗൺസിൽ മുഖേന "വിമുക്തി" മിഷന്റെ ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ സർക്കാർ ഓഫീസുകളിലും/പൊതുമേഖലാ സ്ഥാപനങ്ങളിലും ലഹരിവിരുദ്ധ കമ്മിറ്റികൾ രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br>വിമുക്തിയുടെ ഉദ്ഘാടന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും വീടുകളിൽ സ്റ്റിക്കറുകൾ പതിപ്പിക്കുന്ന പ്രാരംഭ ചെലവുകൾക്കുമായി കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും 50,000/- രൂപ വീതവും, ബ്ലോക്ക് പഞ്ചായത്തുകൾക്കും ഗ്രാമ പഞ്ചായത്തുകൾക്കും 25,000/- രൂപ വീതവും "വിമുക്തി" മിഷനിൽ നിന്നും അനുവദിച്ചു നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**